# ക്വീർ: സിദ്ധാന്തവും സമീപനവും

തെരഞ്ഞെടുത്ത ലെസ്ബിയൻ കഥകളെ മുൻനിർത്തിയുള്ള പഠനം

**വിഷ്ണു പി എസ്**
ഗവേഷകൻ
കേരളകേന്ദ്രസർവകലാശാല
vishnudansileshwar@gmail.com

Article Link: https://aksharasurya.com/2023/07/vishnu-p-s-3/

**താക്കോൽ വാക്കുകൾ:**
ക്വീർ, ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ഇന്റർസെക്സ്, ട്രാൻസ്ജെൻഡർ, അസെക്ഷ്വൽ, നോർമേറ്റീവ്, സെക്ഷ്വൽ ഐഡന്റിറ്റി, ജെൻഡർസ്റ്റഡീസ്, കമിങ് ഔട്ട്

## ക്വീർ: സിദ്ധാന്തവും സമീപനവും

വിമതസിദ്ധാന്തം, വിചിത്രസിദ്ധാന്തം എന്ന് മലയാളത്തിൽ അറിയപ്പെടുന്ന ക്വീർ സിദ്ധാന്തത്തിൽ വിമതലൈംഗിക വിഭാഗങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ് ഉൾപ്പെടുന്നത്. 'അധികാരസംവിധാനങ്ങൾക്ക് പുറത്ത്' എന്നർത്ഥത്തിൽ പ്രയോഗിച്ച് വരുന്ന ക്വീർ എന്ന പദം അധികാര വർഗ്ഗത്തോടുള്ള പ്രതിഷേധത്തെ കുറിക്കുവാനും ഉപയോഗിക്കുന്നു. സാധാരണം (നോർമേറ്റീവ്) അല്ലാത്ത എല്ലാ ലൈംഗിക സമൂഹങ്ങളെയും ഒരുമിച്ച് നിർത്തിക്കൊണ്ടാണ് സിദ്ധാന്തം വികസിക്കുന്നത്. ഭിന്നലൈംഗികത എന്ന വ്യവസ്ഥാപിതവും ദൃഢവുമായ സങ്കൽപ്പത്തെ ചോദ്യം ചെയ്യുകയും, ലൈംഗികത ജനാധിപത്യം എന്ന നിലയിൽ സ്വയം നിർണയാവകാശത്തിന് വേണ്ടി വാദിക്കുകയും ചെയ്യുന്ന സിദ്ധാന്തം ലൈംഗികതയെ രാഷ്ട്രീയവത്ക്കരിക്കുന്നുണ്ട്. ലൈംഗികസ്വത്വത്തെ (സെക്ഷ്വൽ ഐഡന്റിറ്റി) വിശകലനം ചെയ്യുകയും അത് അസ്ഥിരമാണെന്ന് പറയുകയും ചെയ്യുന്ന സിദ്ധാന്തം സ്വത്വത്തെ സംബന്ധിച്ച് ആധുനികത സൃഷ്ടിച്ചെടുത്ത കാഴ്ചപ്പാടുകളെ നിരാകരിക്കുകയും ചെയ്യുന്നു.

ലൈംഗിക ന്യൂനപക്ഷവിഭാഗങ്ങളാണ് LGBTQIA+ എന്ന ചുരുക്കെഴുത്ത്. ലെസ്ബിയൻ (സ്ത്രീക്ക് സ്ത്രീയോട് തോന്നുന്ന ലൈംഗികാകർഷണം), ഗേ (പുരുഷന് പുരുഷനോട് തോന്നുന്ന

ലൈംഗികാകർഷണം), ബൈസെക്ഷ്വൽ (സ്ത്രീയോടും പുരുഷനോടും ഒരുപോലെ തോന്നുന്ന ലൈംഗികാകർഷണം), ട്രാൻസ്ജെൻഡർ വിഭാഗം, ക്വീർ (ഒറ്റപ്പെട്ട ലൈംഗിക വിഭാഗങ്ങൾ), ഇന്റർസെക്സ് അഥവാ മിശ്രലിംഗ വിഭാഗം, അസെക്ഷ്വൽ (യാതൊരുവിധ ലൈംഗികതാൽപര്യങ്ങളും ഇല്ലാത്തവർ) എന്നിങ്ങനെ ഈ സാങ്കേതിക പദങ്ങളെ വിശദീകരിക്കാം. ലൈംഗികബന്ധത്തിൽമസ്കുലിൻ പവർ പ്രകടിപ്പിക്കുന്ന, ആക്റ്റീവ് റോൾ കൈകാര്യം ചെയ്യുന്ന സ്വവർഗ്ഗനുരാഗിയെ പാന്തിസ് എന്ന് വിളിക്കുന്നു. ആക്റ്റീവ്, പാസീവ് റോൾ കൈകാര്യം ചെയ്യുന്ന പങ്കാളിയെ ഡബിൾ ഡാക്കേഴ്സ് എന്നും വിളിക്കുന്നു.

സ്ത്രീകൾ തമ്മിലുള്ള ശാരീരികവും വൈകാരികവുമായ ആകർഷണത്തെയാണ് ലെസ്ബിയനിസം അഥവാ സ്ത്രീ സ്വവർഗ്ഗരതി എന്ന് പറയുന്നത്. ലെസ്ബോസ് എന്ന ദ്വീപിൽ നിന്നാണ് ലെസ്ബിയൻ എന്ന പദം രൂപം കൊണ്ടത്. ഇന്ത്യൻ സാഹചര്യത്തിൽസ്ത്രീക്ക് തന്റെ ലൈംഗികസ്വത്വം വെളിപ്പെടുത്താൻ പരിമിതികളുണ്ട്. അവഗണനകൾക്കും കളിയാക്കലുകൾക്കും പാത്രമാകുന്നതുകൊണ്ട് തന്നെ ലെസ്ബിയനുകൾ പലപ്പോഴും അദൃശ്യരാണ്. മൂന്ന്ഘട്ടങ്ങളിലൂടെയാണ് സ്വവർഗരതിക്കാർ അവരുടെ ലൈംഗികസ്വത്വം വെളിപ്പെടുത്തുക. തന്റെ സ്വവർഗ്ഗലൈംഗികാഭിമുഖ്യം ഒരു വ്യക്തി സ്വയം തിരിച്ചറിയുക, പിന്നീട് ബന്ധുക്കളോടും സുഹൃത്തുക്കളോടും അവതരിപ്പിക്കുക, ശേഷം സമൂഹത്തിന് മുന്നിൽ പരസ്യമാക്കുക എന്നിങ്ങനെയാണത്. ലൈംഗികസ്വത്വം വെളിപ്പെടുത്തുന്നതിനെ ബഹിർഗമനം (കമിങ് ഔട്ട്) എന്ന് പറയുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ പ്രചാരത്തിലുണ്ടായിരുന്നെങ്കിലും 1990 കളോടെയാണ് വിപുലമായ അർത്ഥങ്ങൾ ക്വീർ എന്ന പദത്തിന് ലഭിക്കുന്നത്. 1991ൽ തെരേസ ഡി ലോറെറ്റീസ് എന്ന ചിന്തയാണ് ക്വീർ എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്. പിന്നീട് കോളനിയാനന്തര സ്ത്രീവാദപഠനത്തിലൂടെയും ലൈംഗികതാ പഠനത്തിലൂടെയും ശ്രദ്ധേയനായ ജൂഡിത്ത് ബട്ലർ, സാഹിത്യത്തിന്റെ വ്യവഹാരപരിസരത്തുനിന്ന് സ്ത്രീകളേയും

സ്വവർഗ്ഗാനുരാഗികളേയും മാറ്റിനിർത്തുന്നതിനെതിരെ ശബ്ദമുയർത്തിയ ആൻഡ്രിയൽ റിച്ച്, ജെൻഡർസ്റ്റഡീസ്, ക്വീർ തിയറി, വിമർശനാത്മക സിദ്ധാന്തം എന്നീ മേഖലകളിൽ ശ്രദ്ധേയനായ ഈവ കൊസോഫ്സ്കി സെഡ്ഗ്വിക് എന്നിവർ സിദ്ധാന്തത്തിന്റെ ശക്തരായ വക്താക്കളായി മാറി.

1990കളോടെയാണ് മലയാളസാഹിത്യത്തിൽ ക്വീർ ശക്തമായ രീതിയിൽ പ്രമേയവത്ക്കരിക്കുന്നത്. ചെറുകഥ, നോവൽ, സിനിമ തുടങ്ങിയ മേഖലകളിൽ സിദ്ധാന്തത്തിന്റെ സ്ഫുരണങ്ങൾ കാണാം.

മാധവിക്കുട്ടിയുടെ ചന്ദനമരങ്ങൾ, കമലയുടെ സ്ത്രീ, സിതാര എസിന്റെ സ്പർശം, ഇന്ദു മേനോന്റെ ഒരു ലെസ്ബിയൻ പശു, ജലത്തിലൂടെ നടക്കുന്ന കന്യകമാർ, സി. എസ് ചന്ദ്രികയുടെ ലേഡീസ് കമ്പാർട്ട്മെന്റ്, കാഞ്ചിപുരം, ശ്രീകുമാരി രാമചന്ദ്രന്റെ സ്വപ്നാടനത്തിനിടയിൽ, വി. ആർ സുധീഷിന്റെ വെള്ളത്തണ്ട്, പിണഞ്ഞവൾ, വിമതലൈംഗികം, പി വത്സലയുടെ ദുഷ്ഷന്തനും ഭീമനുമില്ലാത്ത ലോകം, ബി മുരളിയുടെ ഹരിതവൈശികം, ലെസ്സി, മഞ്ജുള, ബെന്യാമിന്റെ പെൺമാറാട്ടം, സി. വി ബാലകൃഷ്ണന്റെ നിശാകേന്ദ്രം, ചന്ദ്രമതിയുടെ ശ്രീഹവ്യയും ചില അക്കാദമിക് പ്രശ്നങ്ങളും, കെ. വി മണികണ്ഠന്റെ ഡോക്ടർ, ഞാൻ ഒരു ലെസ്ബിയൻ ആണോ?, ലാസർ ഷൈനിന്റെ സാർ വയലൻസ്, സതീഷ് ബാബു പയ്യന്നൂരിന്റെ ഖമറുന്നീസയുടെ കൂട്ടുകാരി, കെ പ്രദീപിന്റെ ആസ്വാദനം, മിഥുൻ കൃഷ്ണയുടെ ഇംപേടിയൻസ് ബക്കാട്ടി തുടങ്ങിയവ മലയാളത്തിലിറങ്ങിയ ലെസ്ബിയൻ പ്രമേയ ചെറുകഥകൾക്ക് ഉദാഹരണമാണ്.

**ദുഷ്ഷന്തനും ഭീമനുമില്ലാത്തസ്ത്രീ ലോകം**

അടിച്ചമർത്തപ്പെട്ട ലെസ്ബിയൻ അനുരാഗത്തിന്റെ വേറിട്ടൊരു ആവിഷ്ക്കാരമാണ് പി.വത്സലയുടെ 'ദുഷ്ഷന്തനും ഭീമനുമില്ലാത്ത ലോകം'. മനോരോഗിയായ ഭർത്താവ് മാധവനെ ആശുപത്രിയിൽ കാണിക്കുവാനായി നഗരത്തിലേക്കെത്തുന്ന സരോജിനിയിലൂടെയാണ് കഥ ആരംഭിക്കുന്നത്. സരോജിനിയുടെ ഓർമ്മകളിലൂടെ രണ്ടു പെൺകുട്ടികളുടെ സ്വവർഗാനുരാഗത്തെ അവതരിപ്പിക്കുകയാണ് എഴുത്തുകാരി. സ്കൂളിൽ അവർ അവതരിപ്പിക്കുന്ന നാടകത്തിലേതുപോലെ വരദ ദുഷ്യന്തനായും

സരോജിനി ശകുന്തളയായും മാറുന്നു. പിന്നീട് വരദ സരോജിനിയ്ക്ക് അയക്കുന്ന കത്തുകൾ വീട്ടിൽ പ്രശ്നങ്ങൾ ഉണ്ടാക്കുകയും മാധവനെ കൊണ്ട് വരദയെ പെട്ടെന്ന് കല്യാണം കഴിപ്പിക്കുകയും ചെയ്യുന്നു. മാധവൻ തന്നെ ദുഷ്യന്തനായും സരോജിനിയെ ശകുന്തളയായും സങ്കൽപ്പിക്കുമ്പോൾ അവൾ അതിനെ നിഷേധിക്കുന്നു. തന്റെ അംഗീകരിക്കപ്പെടാത്ത പൗരുഷത്തെ അയാൾ ഭീമസേനനിൽ കാണുന്നു. മാധവന്റെ പെരുമാറ്റങ്ങളും പ്രവർത്തികളും അയാളെ മാനസികാരോഗ്യ കേന്ദ്രത്തിൽ എത്തിക്കുന്നു. ആ പട്ടണത്തിൽ വച്ച് വളരെ നാളുകൾക്കു ശേഷം സരോജിനി തന്റെ സുഹൃത്തായ വരദയെ കാണുന്നു. അടിച്ചമർത്തപ്പെട്ട അവരുടെ അനുരാഗം വീണ്ടും പുഷ്പിക്കുന്നു.

വാക്കുകൾ കൊണ്ട് ബിംബങ്ങളും പ്രതീകങ്ങളും നിർമ്മിച്ച് അതിലൂടെ രാഷ്ട്രീയത്തെ അവതരിപ്പിക്കുകയാണ് പി വത്സല. 'എന്റെ പഴയ പാത ഞാൻ പെട്ടെന്ന് തിരിച്ചറിഞ്ഞു' എന്ന് ആരംഭിക്കുന്ന വാചകം തന്നെ ഇതിനുദാഹരണം. സരോജിനിയുടെ ഭർത്താവ് മാധവൻ സമകാലികസമൂഹത്തിന്റെ പ്രതിനിധാനമാണ്. അയാളുടെ മനോരോഗം സമൂഹത്തിന്റേത് കൂടിയാണ്. സ്വവർഗ്ഗലൈംഗികതയെ അംഗീകരിക്കാത്ത, പുരുഷമേൽക്കോയ്മയിൽ അടിയുറച്ച് വിശ്വസിക്കുന്ന പുതിയകാല മനോരോഗികളാണ് പലപ്പോഴും നമുക്ക് ചുറ്റുമുള്ളത്.

'മാറാതിരുന്നത് മുമ്പിലെ കാലിയായ കോർപ്പറേഷൻ പാർക്ക് മാത്രമാണ്. പൂക്കാത്ത ചെടികൾ മാത്രം നിരന്നു നിൽക്കുന്ന ഒരു വളപ്പ്. ചുറ്റും കൂർത്ത ഇരുമ്പഴികളുടെ വേലി' (ലെസ്ബോസ്, പുറം 126). പരാഗണം നടക്കാത്ത ലെസ്ബിയൻ സ്വത്വങ്ങൾ മാത്രം ഒറ്റപ്പെട്ടു നിൽക്കുകയും അവർക്ക് ചുറ്റും പുറംലോകവുമായി, അല്ലെങ്കിൽ പുറംലോകത്തിന് സംവദിക്കാൻ പറ്റാത്തവിധം മനോരോഗത്തിന്റെ ഇരുമ്പഴികളുടെ വേലി രൂപപ്പെടുകയും ചെയ്തു. വരദയ്ക്ക് കൂട്ടുണ്ടായിരുന്ന പ്രായം കൂടിയ കാഴ്ച കുറഞ്ഞ വേലക്കാരി പുതിയ കാഴ്ചകളെ അംഗീകരിക്കാത്ത സ്ത്രീയാവാം. പുരുഷന്മാർക്ക് പ്രവേശനമില്ലാത്ത, പോയ നൂറ്റാണ്ടിൽ ജനിക്കേണ്ടിയിരുന്ന ഹെഡ്മിസ്ട്രസ്സിന്റെ പെൺപള്ളിക്കൂടം കോർപ്പറേഷൻ പാർക്കിന് തുല്യമാണ്.

'എന്റെ ചെരിപ്പിട്ട പാദങ്ങളിൽ തറയ്ക്കാത്ത മുള്ളെവിടെ എന്ന് ചോദിച്ച് ദുഷ്യന്തൻ എന്നെ താലോലിച്ചു. എന്റെ എണ്ണ മിനുങ്ങുന്ന കവിളിൽ അവൾ സ്നേഹത്തോടെ ചുംബിച്ചു' (പുറം 129) എന്ന് തുടങ്ങുന്ന വരദയുടേയും സരോജിനിയുടേയും അനുരാഗം ദുഷ്യന്തന്റെ കത്തുകളുടെ രൂപത്തിൽ വീട്ടിലെത്തുന്നു. വിവാഹപ്രായത്തിന് മുമ്പ് സരോജിനിയുടെ വിദ്യാഭ്യാസം പോലും പൂർത്തിയാക്കാതെ അവളെ മാധവന് വിവാഹം ചെയ്തുകൊടുക്കുന്നു. മുറുക്കാൻ ചവച്ചും ചുവപ്പ് പൽപ്പൊടി കൊണ്ട് വായ ചുവപ്പിക്കുകയും ചെയ്യുന്ന മാധവൻ അടിച്ചമർത്തപ്പെട്ട പൗരുഷത്തിന്റെ പ്രതീകമാണ്. ശകുന്തളയുടെ ദുഷ്യന്തനാകുവാൻ സരോജിനി അയാളെ സമ്മതിക്കുന്നില്ല. അംഗീകരിക്കപ്പെടാത്ത ഭർത്താവിന്റെ സ്വത്വം ഭീമസേനനിലാണ് അയാൾ പിന്നീട് കാണുന്നത്. 'ഞാനിപ്പോൾ ഭീമനാണ്, ദുശ്ശാസനന്റെ കുടൽമാല വലിച്ചു പുറത്തിട്ട് ചോരകുടിച്ച് തുപ്പുന്ന ഭീമനെ കണ്ടിട്ടില്ലേ? അതിനു നീ എന്ത് കളി കണ്ടു?പൊറാട്ടുനാടകത്തിനോടല്ലേ നിനക്ക് കമ്പം' (പുറം 131) എന്ന സംഭാഷണത്തിൽ പ്രത്യക്ഷമായി പെൺപള്ളിക്കൂടത്തിലെ നാടകത്തെ ഓർമിപ്പിക്കുന്നുണ്ടെങ്കിലും സ്വവർഗ്ഗലൈംഗികബന്ധത്തെ പൊറാട്ട് നാടകത്തോടും ഭിന്നവർഗ്ഗലൈംഗികബന്ധത്തെക്ലാസിക്കൽ കലയായ കഥകളിയോടുമാണ് ബിംബവത്ക്കരിച്ചിട്ടുള്ളത്. മുറുക്കിയ തുപ്പൽകൈകളിൽ പുരട്ടി സരോജിനിയുടെ തലമുടി കെട്ടാൻ വരുന്ന, ഹോസ്പിറ്റലിലെത്തിയിട്ടും മുറുക്കാനും പൽപ്പൊടിയും വാങ്ങാൻ സരോജിനിയെ ഓർമിപ്പിക്കുന്ന, അടുത്ത ബെഡിലിരിക്കുന്ന വ്യക്തിയോട് 'താൻ പറയ് രമേശാ ദുഷ്യന്തനേക്കാൾ കേമനല്ലേ ഭീമൻ?' എന്ന് ചോദിക്കുന്നമാധവനിൽ തെളിയുന്നത് ആണധികാരത്തിന്റെ പരാജയഭാവങ്ങളാണ്.

'അവളെ ഒരു ഭാര്യയായി സങ്കൽപ്പിക്കാൻ എന്റെ ഇരുണ്ടമനസ്സ് കൂട്ടാക്കുന്നില്ല' (പുറം 133) എന്ന സരോജിനിയുടെ ചിന്തകളിൽ വരദയോടുള്ള പ്രണയം വർഷങ്ങൾക്കുശേഷവും കാണുവാൻ സാധിക്കും. കൂടിക്കാഴ്ചയ്ക്ക് ശേഷം ഇരുവരും പ്രണയബദ്ധരാകുന്നു. 'അവൾ എന്നെ അടിമുടി ചുംബിക്കാൻ തുടങ്ങി. പൂട കൊഴിച്ച എന്റെ മനസ്സ് സ്പടികം പോലെ തിളങ്ങി'

(പുറം 134) എന്ന സരോജിനിയുടെ ആത്മഭാഷണത്തിൽ മറ നീക്കി പുറത്തുവന്ന ശകുന്തളയുടെ സ്വത്വം പ്രകാശിക്കുന്നതു കാണാം. 'നീ മാധവേട്ടന്റെ സരോജിനിയാണോ ദുഷ്യന്തന്റെ ശകുന്തളയോ?' (പുറം 128) എന്ന സരോജിനിയുടെ ചോദ്യത്തിനുള്ള ഉത്തരവും ലഭിക്കുന്നു.

ജിൽ ജോൺസ്റ്റൺ അവതരിപ്പിച്ച 'ലെസ്ബിയൻ നാഷൻ' അഥവാ സ്ത്രീവാദവുമായി ചേർന്ന് നിന്നുള്ള ലെസ്ബിയനിസം എന്ന ആശയത്തോട് ബന്ധിപ്പിക്കാവുന്ന പ്രമേയപശ്ചാത്തലമാണ് ചെറുകഥയ്ക്കുള്ളത്. ന്യൂനപക്ഷലൈംഗികവിഭാഗങ്ങളോട് ചേർന്ന് നിന്ന് സമൂഹത്തെ വിമർശനാത്മകമായി സമീപിക്കുന്ന എഴുത്തുകാരി ഭീമനും ദുഷ്യന്തനുമില്ലാത്ത സ്ത്രീയുടെ ലോകം വരച്ചു കാട്ടുന്നു.

**പുരുഷലോകത്തിലെ വെള്ളത്തണ്ട്**

ലെസ്ബിയനിസത്തോടുള്ള പുരുഷകൗതുകത്തിന്റെ നോട്ടമാണ് വി. ആർസുധീഷിന്റെ വെള്ളത്തണ്ട്, പിണഞ്ഞവൾ, വിമതലൈംഗികം എന്നീ കഥകൾ. പ്രീഡിഗ്രി പഠനകാലത്ത് പരിചയത്തിലാവുന്ന വനജയുടേയും പെൺസുഹൃത്തിന്റേയും വൈകാരികവും ശാരീരികവുമായ ആത്മബന്ധത്തിന്റെ കഥയാണ് വെള്ളത്തണ്ട്. പ്രണയം കാരണം പ്രീഡിഗ്രി തോറ്റു പോകുന്ന രണ്ടുപേരും പഠിപ്പ് മതിയാക്കി ജോലിയിൽ കയറുന്നു. പിന്നീട് രണ്ടുപേർക്കും വിവാഹാലോചനകൾ വരികയും അവർ അവരുടെ പ്രണയം പരസ്യമാക്കുകയും ഒരുമിച്ച് ജീവിക്കാൻ തയ്യാറാവുകയും ചെയ്യുന്നു. ഗ്രാമത്തിൽ രണ്ടു സ്ത്രീകൾക്ക് ഒരുമിച്ച് ജീവിക്കാൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയ അവർ നഗരത്തിലേക്ക് പോവുകയും അവിടെവെച്ച് വനജ അപകടത്തിൽ മരിക്കുകയും ചെയ്യുന്നു.

ലെസ്ബിയനിസമെന്നാൽ അടുക്കും ചിട്ടയുമില്ലാത്ത സ്ത്രീലൈംഗികത എന്ന ആശയമാണ് വെള്ളത്തണ്ടിലൂടെ എഴുത്തുകാരൻ മുന്നോട്ടുവെക്കുന്നത്. പ്രണയത്തിലാവുന്ന രണ്ടുപേർ പരിസരം മറക്കുകയും പഠനത്തിൽ പിന്നോക്കം പോവുകയും ചെയ്യുന്നു. 'ഞങ്ങളുടെ പിണച്ചിൽ ചില കുട്ടികൾ കണ്ടുപിടിച്ചിരുന്നു. പിരി എന്ന് അവർ ഞങ്ങളെ വിളിച്ചു. മൂത്രപ്പുരയിൽ ചുമരെഴുത്ത് നടത്തി. നരഹത്യ

ചെയ്തവരെപ്പോലെയായിരുന്നു അവർക്ക് ഞങ്ങൾ' (പുറം 141) എന്നീ ഭാഗത്ത് ലെസ്ബിയനുകളോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് വ്യക്തമാണ്. സ്വവർഗ്ഗപ്രണയം നരഹത്യയ്ക്ക് തുല്യമായി വിദ്യാഭ്യാസകാലം മുതലേ കണ്ടുതുടങ്ങുന്ന ഒരു സമൂഹം നമുക്ക് ചുറ്റും വളർന്നുവരുന്നുണ്ട്. സമീപകാലത്ത് എം. ഇ. എസ് അസ്മാബി കോളേജ് തൃശ്ശൂരിൽLGBTQIA+ പതാകയെ വികൃതമാക്കിയ സംഭവം തന്നെ ഉദാഹരണം. പലപ്പോഴും പരസ്പരം പണിയുന്ന ആലയങ്ങളിൽ മാത്രം അവർ സുരക്ഷിതരാകുന്നു. ജനാധിപത്യമൂല്യങ്ങളുടെ യാതൊരു സംരക്ഷണവും ലഭിക്കാതെ അവർ വിമതരായി തീരുന്നു.

'കുചേലനും കൃഷ്ണനും തമ്മിലുള്ള കുട്ടിക്കാലസ്നേഹം ഞങ്ങളുടെതു പോലെയായിരുന്നെന്നു തോന്നും. വിറകുപെറുക്കാൻ കാട്ടിൽ പോയി മഴ വന്നു, രാത്രി വന്ന് ഗുഹയിൽ തൊട്ടിരിക്കുമ്പോൾ അവർ ഉമ്മ വച്ചിരിക്കുമെന്ന് വനജ പറഞ്ഞു' (പുറം 142) എന്നീ വരികളിൽ ഇരുവരുടെയും പ്രണയത്തെ സൗഹൃദവത്ക്കരിക്കുന്നുണ്ട്.

'നല്ല ആണിനെ കാണാഞ്ഞിട്ടാ', 'കിട്ടേണ്ടത് കിട്ടാഞ്ഞിട്ടാ', 'നിങ്ങളിലാരാ ആണ്? ആരാ മോളില്' എന്നിങ്ങനെ ആണധികാരത്തിന്റെ, മേൽക്കോയ്മയുടെ സ്വരത്തിൽ ഭിന്നവർഗ്ഗലൈംഗികതയുടെ ലോകത്തെക്കുറിച്ച് പറഞ്ഞ് സമൂഹം അവരെ പേടിപ്പിക്കുകയും പരിഹസിക്കുകയും ചെയ്യുന്നുണ്ട്. പൗരാണിക വേദപുസ്തകങ്ങളിൽ സ്വവർഗലൈംഗികതയെക്കുറിച്ചും അതിന്റെ ശിക്ഷാരീതികളെക്കുറിച്ചും അന്ന് സ്വീകരിച്ചിട്ടുള്ള നിലപാടുകൾ തന്നെ നൂറ്റാണ്ടുകൾക്കും സഹസ്രാബ്ദങ്ങൾക്കും ശേഷം പിൻതലമുറക്കാർ ആവർത്തിക്കുന്നു.

എഴുത്തുകാരൻസ്ത്രീയായി കടന്നുവരുന്ന വെള്ളത്തണ്ടിന്റെ രചനാശൈലി പലപ്പോഴും പുരുഷകൗതുകങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളത്. പുരുഷന്റെ അഭാവത്തിൽ സ്ത്രീക്ക് സ്ത്രീയോട് തോന്നുന്ന പ്രണയം എന്ന രീതിയിൽ അവതരിപ്പിച്ചിട്ടുള്ള കഥ പരമ്പരാഗത ലൈംഗികതാത്പര്യങ്ങൾക്ക് അടിവരയിടുന്നു. എങ്കിലും ജനിതകകാരണങ്ങൾക്ക് പുറമേ സാമൂഹികകാരണങ്ങളും ജെന്റർ ഐഡന്റിറ്റി രൂപീകരിക്കുന്നതിന് കാരണമാകുന്നുവെന്ന

യാഥാർത്ഥ്യം എഴുത്തുകാരൻ വെളിപ്പെടുത്തുന്നുണ്ട്. സ്റ്റീരിയോടൈപ്പുകളെ ഇല്ലായ്മ ചെയ്യുന്ന ലെസ്ബിയൻരാഷ്ട്രീയം സ്ത്രീയുടെ രണ്ടാം ലിംഗപദവി മാറ്റിനിർത്തി സ്വതന്ത്ര അസ്ഥിത്വം നൽകാൻ ശ്രമിക്കുന്നു. സാഹിത്യവിമർശനത്തിൽസ്ത്രീവാദത്തിന്റെ ഭൂമികയിൽ നിന്നുമാറി ലിംഗപദവി പഠനങ്ങൾ വേരുറപ്പിച്ചു കഴിഞ്ഞു. പാർശ്വവത്ക്കരിക്കപ്പെടുന്ന, ചൂഷണം ചെയ്യപ്പെടുന്ന പരിസ്ഥിതി, സ്ത്രീ, ദളിത് വിഭാഗങ്ങളുമായി ചേർത്തുവെച്ച് ജെന്റർ, സെക്ഷ്വൽ ന്യൂനപക്ഷങ്ങളെ പഠനവിധേയമാക്കാവുന്നതാണ്.

**സഹായകഗ്രന്ഥങ്ങൾ, ലിങ്കുകൾ**

1. രശ്മി. ജി (ഡോ), അനിൽകുമാർ കെ. എസ്, ലെസ്ബോസ് മലയാളത്തിലെ ലെസ്ബിയൻ കഥകൾ, 2019, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം
2. രശ്മി. ജി (ഡോ), അനിൽകുമാർ കെ. എസ്, കനി മലയാളത്തിലെ ഗേ കഥകൾ, 2020, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം
3. https://en.m.wikipedia.org/wiki/Lesbian